LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ—സി) സേവന പ്രധാന പദ്ധതിക്ക് കീഴിലെ സ്ഥാപനതല പദ്ധതികൾ തയ്യാറാക്കാൻ എൻ.ജി.ഒ.-കളെ ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ നെതർലാന്റ് സർക്കാരിന്റെ ഗ്രാന്റ് ഉപയോഗിച്ച് പ്രവർത്തിക്കുന്ന പ്രൊക്യൂർമെന്റ് സർവ്വീസ് പ്രൊവൈഡർ വഴി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫ് കോളേജ് ഓഫ് ഇന്ത്യ പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ സാങ്കേതിക സഹായം നൽകുന്നുണ്ട്. ഇവർക്കുള്ള ഫീസ് പ്രൊക്യൂർമെന്റ് സർവ്വീസ് പ്രൊവൈഡർ ആണ് നൽകുന്നത്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് സാമ്പത്തിക ബാധ്യത യൊന്നും ഇല്ല.

സേവന പ്രധാന പദ്ധതിയുടെ സ്ഥാപനതല പദ്ധതികൾ തയ്യാറാക്കുന്നതിനും അവയുടെ നിർവ്വഹണ മേൽനോട്ടം വഹിക്കുന്നതിനും ചുമതലപ്പെടുത്തിയിരിക്കുന്നത് ഇതിനായി രൂപീകരിച്ചിട്ടുള്ള സ്ഥാപനതല കമ്മിറ്റികളെയും ജില്ലാതല കമ്മിറ്റികളെയുമാണ്.

നാഷണൽ ഫുഡ് ഫോർ വർക്ക് പ്രോഗ്രാം

70 [3121] ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗവൺമെന്റിന്റെ ദാരിദ്ര്യ നിർമ്മാർജന പദ്ധതിയുടെ ഭാഗമായ നാഷണൽ ഫുഡ് ഫോർ വർക്ക് പ്രോഗ്രാമിൽ കേരളത്തിലെ ഏതെല്ലാം ജില്ലകളെ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ കേന്ദ്ര ഗവൺമെന്റിൽ നിന്നും സംസ്ഥാന ഗവൺമെന്റിന് ലഭിച്ചോ; ലഭിച്ചുവെങ്കിൽ സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ച നിലപാട് വ്യക്തമാക്കുമോ?

ഉത്തരം

(എ) നാഷണൽ ഫുഡ് ഫോർ വർക്ക് പ്രോഗ്രാമിൽ കേരളത്തിൽ നിന്നും വയനാട് ജില്ലയെയാണ് കേന്ദ്രം ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) ലഭിച്ചിട്ടുണ്ട്. ഈ പദ്ധതിയനുസരിച്ച് ഈ വർഷം 571.84 ലക്ഷം രൂപയും 5618 എം.ടി. ഭക്ഷ്യധാന്യവും അനുവദിച്ചിട്ടുണ്ട്. നീർത്തട വികസനത്തിന് അനുയോജ്യമായ വിധത്തിലുള്ള പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കാനും, ഈ വർഷം ലഭ്യമായ മുഴുവൻ തുകയും, ഭക്ഷ്യധാന്യവും, സമയബന്ധിതമായി ചെലവാക്കി ലക്ഷ്യം കൈവരിക്കാനും സർക്കാർ ഉദ്ദേശിക്കുന്നു. ഈ പദ്ധതിയുടെ നടത്തിപ്പിനായി 5 വർഷത്തേയ്ക്കുള്ള കർമ്മപദ്ധതിയ്ക്ക് രൂപം നൽകേണ്ടതുണ്ട്. ഇതിലേയ്ക്കായുള്ള ഒരു വിദഗ്ദ്ധ ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനായി വയനാട് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.